**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1987**

**08.03.2018 ലെ മറുപടിയ്ക്ക്**

**<u>റീ- ഇൻഷ്വറൻസ് മുഖേന നടപ്പിലാക്കിവന്ന സ്കീമുകൾ കോ- ഇൻഷ്വറൻസ് മുഖേനയാക്കിയ നടപടി</u>**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.എം. സ്വരാജ്** | | **ഡോ: ടി. എം.തോമസ് ഐസക്**<br>ബഹു: ധനകാര്യവും കയറും വകുപ്പുമന്ത്രി |
| എ | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ജനറൽ ഇൻഷ്വറൻസ് പദ്ധതികൾ ഏതെല്ലാം എന്ന് അറിയിക്കുമോ; | സംസ്ഥാന സർക്കാറിന്റെ സാമ്പത്തിക സഹായത്താൽ പ്രവർത്തിക്കുന്നതും, നിക്ഷേപങ്ങൾക്കും, വായ്പകൾക്കും സർക്കാർ സുരക്ഷിതത്വം ഉറപ്പുനൽകുന്നതുമായ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ ഫയർ, മറൈൻ, മിസ്സലേനിയസ് വിഭാഗത്തിൽപ്പെടുന്ന ഇൻഷ്വറൻസ് പദ്ധതികൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തിരം നടപ്പാക്കി വരുന്നു. |
| ബി | ഇവയിൽ ഏതെല്ലാം റീ- ഇൻഷ്വറൻസ് മുഖേനയും ഏതെല്ലാം കോ- ഇൻഷ്വറൻസ് മുഖേനയും നടപ്പിലാക്കുന്നു എന്ന് വിശദാംശം സഹിതം അറിയിക്കുമോ; | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുമായി നേരിട്ട് ഇടപാട് ഇല്ലാതിരുന്ന സഹകരണസ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ ഇൻഷ്വറൻസ് ഇടപാടുകളാണ് കോ-ഇൻഷ്വറൻസിന്റെ ഭാഗമായി ചെയ്തുകൊണ്ടിരിക്കുന്നത്. വകുപ്പ് നേരിട്ട് ചെയ്യുന്ന ഇൻഷ്വറൻസ് ബിസിനസ്സും കോ- ഇൻഷ്വറൻസിലൂടെയുള്ള ബിസിനസ്സും റീ ഇൻഷ്വറൻസിന് വിധേയമാക്കുന്നുണ്ട്. ഇവയല്ലാതെ റീ ഇൻഷ്വറൻസിലൂടെ മാത്രം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഇൻഷ്വറൻസ് ഇടപാട് നടത്തുന്നില്ല. |
| സി | റീ- ഇൻഷ്വറൻസ് മുഖേന നടപ്പിലാക്കിവന്ന സ്കീമുകൾ കോ- ഇൻഷ്വറൻസ് മുഖേനയാക്കിയ നടപടി പുന:പരിശോധിക്കുവാൻ തയ്യാറാകുമോ; | |
| ഡി | വകുപ്പിലെ ഡെവലപ്മെന്റ് ഓഫീസർമാരുടെ സേവനം നിലവിൽ കോ- ഇൻഷ്വറൻസിൽ ഏർപ്പെട്ടിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ബിസിനസ് വർദ്ധിപ്പിക്കുന്നതിനാണ് ഉതകുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഇ | ഈ ന്യൂനത തിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | |

അക്കൗണ്ട്സ് ഓഫീസർ